ബുക്ക്ടോക് ● കെ. അശ്റഫ്

# ഇസ്‌ലാമും വിജ്ഞാനത്തിന്റെ രാഷ്ട്രീയവും



● യൂസുഫ് പ്രോഗ്ളർ

Encountering Islam
The Politics of Knowledge and Scholarship
Yusef Progler
Citizens International (2008)

**കൊളോണിയലിസത്തിന്റെ** പാടുകൾ ഇന്നും അവശേഷിക്കുന്നുണ്ട്. പ്രത്യക്ഷ കോളനീകരണത്തിന്റെ കാലത്തിനു ശേഷം പരോക്ഷ കോളനീകരണത്തിന്റെ കാലമാണിത്. ശരീരങ്ങളെ നേരിട്ട് കോളനികളാക്കുന്ന പഴയ കാലത്തിൽനിന്ന് വിഭിന്നമായി ശരീരത്തെ നിയന്ത്രിക്കുന്ന സാമൂഹിക രാഷ്ട്രീയ സ്ഥിതിയെ നിയന്ത്രിച്ചാണ് പുതിയ കാലത്ത് കോളനീകരണം പ്രവർത്തിക്കുന്നത്. പ്രസ്തുത സാമൂഹിക രാഷ്ട്രീയ അന്തരീക്ഷത്തെ നിയന്ത്രിച്ചു നിർത്തുന്നത് പ്രധാനമായും വിജ്ഞാനത്തിലൂടെയാണ്. പുതിയ കാഴ്ചപ്പാടുകൾ സമൂഹമധ്യേ പ്രചരിപ്പിക്കുകയും അതുവഴി തങ്ങളുടെ അധികാരം നിലനിർത്തുകയും ചെയ്യുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. അതിനാലാണ് ലോകം മുഴുവൻ വിജ്ഞാനത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് വലിയ ആലോചനകൾ ശക്തിപ്പെടുന്നത്. ഇന്ത്യയിൽ തന്നെ ധംപാൽ, ക്ലോഡ് അൽവാരിസ്, ആശിഷ് നന്ദി തുടങ്ങിയവർ വ്യത്യസ്ത രീതിയിൽ ഈ പ്രശ്നത്തെ സമീപിച്ചവരായിരുന്നു. ക്ലോഡ് അൽവാരിസിന്റെ *ഡീ കോളണൈസിംഗ് ഹിസ്റ്ററി* ഈ അർഥത്തിൽ ശ്രദ്ധേയമായ ഒരു കാൽവെപ്പായിരുന്നു.

ഇസ്‌ലാമിക ലോകത്തും ഈ അർഥത്തിലുള്ള ചർച്ചകൾ ശക്തിപ്പെട്ടുവരുന്നുണ്ടെന്നത് ശുഭസൂചനയാണ്. അതിന്റെ പ്രത്യക്ഷ തെളിവാണ് യൂസുഫ് പ്രോഗ്ളർ രചിച്ച *എൻകൗണ്ടറിംഗ് ഇസ്‌ലാം-പൊളിറ്റിക്സ് ഓഫ് നോളജ് ആന്റ് സ്കോളർഷിപ്പ്* എന്ന ഗ്രന്ഥം. നിരവധി ഗ്രന്ഥങ്ങൾ രചിച്ച യൂസുഫ് പ്രോഗ്ളർ ഇസ്‌ലാം ഓൺലൈൻ അടക്കമുള്ള ഓൺ ലൈൻ മാഗസിനുകളിൽ എഴുതാറുണ്ട്. സായിദ് യൂനിവേഴ്സിറ്റി ദുബൈ, ന്യൂയോർക്ക് സിറ്റി യൂനിവേഴ്സിറ്റി എന്നിവിടങ്ങളിൽ പ്രഫസറായ അദ്ദേഹത്തിന്റെ മറ്റൊരു കൃതിയാണ് *നെസസറി ടെററിസ്റ്റ്: വൈ ദ വെസ്റ്റ് ഹേറ്റ്സ് മുസ്‌ലിം*. മലേഷ്യയിൽനിന്നുള്ള സിറ്റിസൺ ഇന്റർനാഷനലാണ് പുസ്തകത്തിന്റെ പബ്ലിഷേഴ്സ്.

വിജ്ഞാനം നേടുക എന്നത് വളരെ നിഷ്കളങ്കമായ പരിപാടിയായിട്ടാണ് നാം ഇതുവരെ കരുതിപ്പോന്നത്. ചൈനയിൽ പോയിട്ടെങ്കിലും വിജ്ഞാനം നേടുക എന്ന് പ്രവാചകൻ പറഞ്ഞിട്ടുണ്ട്. എന്നാൽ വിജ്ഞാനത്തിന്റെ പ്രാധാന്യം അടിവരയിടുന്നതോടൊപ്പം 'ഏതു വിജ്ഞാനം', 'ആരുടെ വിജ്ഞാനം' എന്നീ രണ്ടു കാറ്റഗറികൾ കൂടി നാം പരിഗണിക്കേണ്ടിവരും. യൂസുഫ് പ്രോഗ്ളറിന്റെ ശ്രമം ഈയൊരു ദിശയിലേക്കാണ്. വസ്തുനിഷ്ഠതയുടെ മറവിൽ വിജ്ഞാനത്തെ നിയന്ത്രിക്കുന്ന

സാമൂഹികാധികാരത്തിന്റെ പ്രശ്നങ്ങളാണ് യൂസുഫ് പ്രോഗ്ളറുടെ പ്രധാന ചർച്ചാ വിഷയം. ആറ് അധ്യായങ്ങളിലായി മുസ്‌ലിം ലോകത്തെ വൈജ്ഞാനിക പ്രതിസന്ധികളെ അനാവരണം ചെയ്യുന്നു. അതോടൊപ്പം സംഗീതം, ഇമേജുകൾ, ആഖ്യാനം, വിദ്യാഭ്യാസം, പോപുലർ കൾച്ചർ തുടങ്ങിയ മേഖലകളിൽ വേരോടിയിട്ടുള്ള പാശ്ചാത്യ മേധാവിത്വത്തിന്റെ പ്രശ്നം ഇസ്‌ലാമിന്റെ തനതു വൈജ്ഞാനിക ധാരണകളെ കൊളോണിയലിസം അട്ടിമറിച്ചതിലൂടെ സംഭവിച്ചതാണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. അതോടൊപ്പം 'വിജ്ഞാനത്തിന്റെ ഇസ്‌ലാമീകരണം', 'ഇറാൻ വിപ്ലവം' ഇതൊക്കെ തുടങ്ങിവെച്ച പുതിയ സംരംഭങ്ങളെ –അപകോളനീകരണ ശ്രമങ്ങളെ– വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യുന്നു.

ആദ്യ രണ്ടധ്യായങ്ങൾ ഇസ്‌ലാമിനെക്കുറിച്ച ഇമേജുകൾ പാശ്ചാത്യ ഭാവനയിൽ രൂപപ്പെടുന്നതെങ്ങനെയെന്നും കുരിശുയുദ്ധം മുതൽ 9/11 വരെ അത്തരം ഇമേജുകൾ നിർവഹിച്ച പ്രതിനിധാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വിലയിരുത്തുന്നു. എഡ്വേർഡ് സെയ്ദിന്റെ 'ഓറിയന്റലിസം', 'കവറിംഗ് ഇസ്‌ലാം', മഹ്മൂദ് മംദാനിയുടെ 'ഗുഡ് മുസ്‌ലിം, ബാഡ് മുസ്‌ലിം' തുടങ്ങിയ നിരവധി പുസ്തകങ്ങൾ പ്രസ്തുത വിഷയത്തെ കൈകാര്യം ചെയ്തിട്ടുണ്ട്. പ്രോഗ്ളറിന്റെ സമീപനത്തിലെ ഒരു പ്രത്യേകത, ഇസ്‌ലാമിക് സ്റ്റഡീസ്, മീഡിയ സ്റ്റഡീസ്, ബ്ലാക് ഹിസ്റ്ററി, എത്നോമ്യൂസികോളജി, പോസ്റ്റ് കൊളോണിയൽ സ്റ്റഡീസ് ഇവയിലൂടെയൊക്കെ നടത്തുന്ന ഇന്റർഡിസിപ്ലിനറി സ്വഭാവത്തിലുള്ള അന്വേഷണങ്ങളാണ്. ഇങ്ങനെ വ്യത്യസ്ത കൈവഴികളിലൂടെ വിജ്ഞാനത്തിന്റെ രാഷ്ട്രീയത്തെ അപഗ്രഥിക്കാൻ അദ്ദേഹത്തിന് കഴിയുന്നു.

ആദ്യ രണ്ടധ്യായങ്ങൾ മുസ്‌ലിംപ്രതിനിധാനത്തിന്റെ പ്രശ്നങ്ങളിലൂന്നുമ്പോൾ മൂന്നാമധ്യായം വളരെ വ്യത്യസ്തമായ ഒരു വിഷയമാണ് കൈകാര്യം ചെയ്യുന്നത്. 'ബിൻ അലിയും അദ്ദേഹത്തിന്റെ അറബിക് ഡയറിയും' എന്നാണ് ഈ അധ്യായത്തിന്റെ പേര്. കൊളോണിയൽ കാലഘട്ടത്തിൽ അടിമകളാക്കിയത് ആഫ്രിക്കൻ മുസ്‌ലിംകളെയായിരുന്നു. അവരുടെ സാന്നിധ്യത്തെക്കുറിച്ച് നിരവധി പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. പഠനം നടത്തുന്നയാളുകൾ അവരുടെ സവിശേഷ വീക്ഷണകോണിലൂടെ കാര്യങ്ങൾ നോക്കാറാണ് പതിവ്. ഈ പഠനങ്ങൾ മുൻനിർത്തി നാം ആലോചിക്കുമ്പോൾ മാറുന്ന കാലത്തിനനുസരിച്ച് ഇസ്‌ലാമിനെക്കുറിച്ച സാമൂഹിക ഭാവനകൾ രൂപപ്പെടുന്നതെങ്ങനെയെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ജോർജിയ ദ്വീപിൽ വെച്ച് ആഫ്രിക്കൻ മുസ്‌ലിം അടിമയായിരുന്ന ബിൻ അലി അറബിയിൽ എഴുതിയ 'ബിൻ അലിയുടെ ഡയറി'യാണ് ഇവിടെ പരാമർശിക്കുന്നത്. അടിമകളായിരുന്നവർ തങ്ങളുടെ ജീവിതത്തെക്കുറിച്ച് എഴുതുന്നത് ആദ്യ സംഭവമൊന്നുമല്ല. എന്നാൽ ബിൻ അലിയുടെ ഡയറിക്കുറിപ്പിന്റെ പ്രാധാന്യം, വ്യത്യസ്ത ആളുകൾ അവരുടെ പ്രത്യയശാസ്ത്രങ്ങൾക്കനുകൂലമായി ബിൻ അലിയുടെ ഡയറിയെക്കുറിച്ച് നടത്തിയ വ്യാഖ്യാനങ്ങളാണ്. ഈ വ്യാഖ്യാനങ്ങൾ ഓരോ വ്യാഖ്യാതാവിന്റെയും മുൻവിധികളെ വെളിച്ചത്തുകൊണ്ടുവരുന്നു. വ്യാഖ്യാനത്തിലെ വ്യത്യസ്തതകൾ ബിൻ അലി ഉപയോഗിച്ച അറബിയുടെ അങ്ങേയറ്റത്തെ പ്രാദേശികതയിലൂടെ തന്നെ മനസ്സിലാക്കാവുന്നതാണ്. അങ്ങനെയാണ് ജോർജിയ ദ്വീപിലെ ആഫ്രിക്കൻ മുസ്‌ലിം അടിമ അമേരിക്കൻ കാനോനിക്കൽ സാഹിത്യത്തിൽ ഒരു അറബ് രാജകുമാരനായി പ്രത്യക്ഷപ്പെടുന്നത്. ഇങ്ങനെയാവുന്നതിന്റെ പ്രധാന കാരണം കൊടികെട്ടിയ അമേരിക്കൻ എഴുത്തുകാർ അറബി എന്ന 'മ്ലേഛ ഭാഷ'യോട് സ്വീകരിക്കുന്ന സമീപനമാണ്. അതോടൊപ്പം ബിൻ അലിയുടെ ഡയറി മറ്റനവധി മുൻവിധികൾ കൂടി പുറത്തുകൊണ്ടുവരുന്നുണ്ട്. വെള്ളക്കാർക്ക് അറബിയായും കറുത്ത വർഗക്കാർക്ക് രാജകുമാരനായും മുസ്‌ലിംകൾക്ക് ഫഖീഹായും അനുഭവപ്പെട്ട ബിൻ അലി യഥാർഥത്തിൽ ഒരു സാധാരണ മുസ്‌ലിം മാത്രമായിരുന്നു. ക്രിസ്ത്യാനിറ്റിയെക്കുറിച്ചെഴുതാത്ത അദ്ദേഹം വെള്ളക്കാരന് വിവരം കുറഞ്ഞ അറബിയാവുമ്പോൾ, കറുത്തവർക്ക് വിമോചനത്തിന്റെ പ്രതീക്ഷകൾ നൽകുന്ന രാജകുമാരനായിട്ടാണ് തോന്നിയിട്ടുള്ളത്. ചില മുസ്‌ലിംകൾ വലിയൊരു ഫഖീഹിനെ കണ്ടെത്തിയതിന്റെ ആവേശത്തിലുമായിരുന്നു. നമ്മുടെ ആഗ്രഹ ചിന്തകൾ എങ്ങനെയാണ് പുതിയ ഇമേജുകൾ പാഠത്തിൽ സൃഷ്ടിക്കുന്നതെന്നതിന്റെ ഉദാഹരണമാണിത്.

വിജ്ഞാനത്തെ എങ്ങനെയാണ് അന്വേഷകന്റെ പ്രത്യയശാസ്ത്ര മുൻവിധികൾ അടക്കിഭരിക്കുന്നത് എന്നാണ് പ്രോഗ്ളറുടെ മറ്റൊരു അന്വേഷണ മേഖല. 'എത്നോമ്യൂസികോളജി' എന്ന അധ്യായം ഈ പ്രശ്നത്തെ സംഗീത പഠനവുമായി കൂട്ടിച്ചേർത്താണ് വായിക്കുന്നത്. മുസ്‌ലിം സംഗീ

തത്തെ കേവല പ്രാദേശിക സാംസ്കാരിക ഈടുവെപ്പായി കാണുകയും സാർവലൗകിക ഇസ്ലാമിക മൂല്യങ്ങൾ പ്രത്യേക സാംസ്കാരിക ജീവിതത്തിലൂടെ മുന്നോട്ടുപോകുന്ന മുസ്ലിംകൾ സങ്കൽപിച്ചെടുക്കുന്നതാണെന്ന് കരുതുകയും ചെയ്യുന്നു എത്നോ മ്യൂസിക്കോളജിസ്റ്റുകൾ. അതുവഴി ഇസ്ലാമിന്റെ സംഗീതവിരുദ്ധതയും മനുഷ്യവിരുദ്ധതയും കൂടുതൽ ഊന്നിപ്പറയാൻ അവർ ശ്രമിക്കുന്നു. ഇതിനെ ഒരു പരിധിവരെ പ്രതിരോധിക്കാൻ ശ്രമിച്ചത് ലംയാഅ് ഫാറൂഖിയായിരുന്നുവെന്ന് പ്രോഗ്ളർ അഭിപ്രായപ്പെടുന്നു. അവരാണ് സംഗീതത്തെക്കുറിച്ച് ഒരു പാൻ–ഇസ്ലാമിക് സമീപനം മുന്നോട്ടു വെച്ചത്. പ്രാദേശിക സാംസ്കാരിക മൂല്യങ്ങളെയും സാർവ ലൗകിക ഇസ്ലാമിക മൂല്യങ്ങളെയും മുൻനിർത്തി ഏകത്വത്തെയും വൈവിധ്യത്തെയും ഉൾക്കൊള്ളുന്ന ഇസ്ലാമിനെക്കുറിച്ച് ലംയാഅ് ഫാറൂഖിയാണ് വിശദമായി പറയുന്നത്. പ്രോഗ്ളർ പറയുന്നത്, ഇസ്ലാമിലെ ചെറിയ ഒരു ചിന്താധാരയുടെ വക്താവായിരുന്ന ലംയാഅ് ഫാറൂഖിയുടെ പഠനങ്ങൾക്ക് നിരവധി പരിമിതികളോടൊപ്പം തന്നെ സാധ്യതകളുമുണ്ടെന്നതുതന്നെയാണ്.

## സാംസ്കാരിക ഇസ്ലാമിലെ പ്രത്യയശാസ്ത്ര മുൻവിധികൾ

ഇസ്ലാമിന്റെ പ്രാദേശിക സാംസ്കാരിക രൂപങ്ങൾ മാത്രമാണ് പ്രധാനപ്പെട്ടതെന്ന് പറയുമ്പോൾ സംഭവിക്കുന്ന രണ്ട് പ്രധാന പ്രശ്നങ്ങളുണ്ട്. ഒന്ന്, സംസ്കാരത്തെ മൗലികമായി കാണുമ്പോൾ ഇസ്ലാമിന്റെ പ്രാപഞ്ചികതയെ ആണ് അത് അദൃശ്യമാക്കുന്നത്. അങ്ങനെ ഇസ്ലാം എന്നത് മുസ്ലിംകൾ തങ്ങൾക്കുണ്ടെന്ന് കരുതുന്ന സാങ്കൽപിക സ്വത്വമായി ചുരുങ്ങുന്നു. അല്ലെങ്കിൽ മുസ്ലിംകൾക്കു മേൽ ആരോപിക്കപ്പെടുന്ന കേവല രൂപമായി ഇസ്ലാം മാറുന്നു. ഇങ്ങനെ ഇസ്ലാമിനെ മുസ്ലിമിന്റെ സംസ്കാരത്തിൽനിന്ന് വേർപ്പെടുത്തുന്നതിലൂടെ 'ഇസ്ലാം= അപകടം' എന്ന അധികവായനയെയാണ് അത് തൃപ്തിപ്പെടുത്തുന്നത്. അതിനാൽ ആഗോളാടിസ്ഥാനത്തിൽ ശക്തിപ്പെട്ട ഇസ്ലാമോഫോബിയ ആണ് സാംസ്കാരിക ഇസ്ലാമിനെക്കുറിച്ച സംവാദങ്ങളെ നിർണയിക്കുന്ന പ്രത്യയശാസ്ത്രം.

ഞങ്ങൾ മാത്രം ലോകത്തെ മുഴുവൻ പ്രശ്നങ്ങളിലും ഇടപെടാം. നിങ്ങൾ സംസ്കാരത്തിനകത്ത് ഒതുങ്ങിയിരിക്കുക– ഇങ്ങനെ പറയുന്നവരാണ് സാംസ്കാരിക ഇസ്ലാമിനെക്കുറിച്ച് മുസ്ലിമിനെ ഉപദേശിക്കുന്നത്. ഈ രക്ഷാകർതൃ മനോഭാവത്തെ ചോദ്യം ചെയ്യുന്നതിനാലാണ് 'രാഷ്ട്രീയ ഇസ്ലാമിനെ' എല്ലാവരും വെറുക്കുന്നത്. കേരളത്തിലെ ബുദ്ധിജീവികൾക്ക് ഈഴവ/നായർ സമുദായങ്ങളേക്കാൾ പ്രിയം മുസ്ലിംകളോടാവുന്നത് രക്ഷാകർതൃത്തെ സർവാത്മനാ സ്വീകരിക്കുന്നവരായതിനാലാവാം. ഡോ. എം. ഗംഗാധരൻ 'ലീഗ് തീവ്രവാദിയല്ല' എന്ന് പറയുന്നതിലെയും കെ. എം ഷാജി 'മൈ നെയിം ഈസ് ഖാനി'ലെ ഷാറൂഖിനെ പോലെ 'ഞാനൊരു ഭീകരവാദിയല്ല' എന്ന് ആവർത്തിച്ച് ആണയിടുന്നതിലെയും തരംഗ ദൈർഘ്യ സമാനത ശ്രദ്ധിക്കുക. പക്ഷേ, ഇവിടെ രാഷ്ട്രീയ ഇസ്ലാമിന്റെ പ്രയോഗം സർവ രക്ഷാകർത്താക്കളെയും കുടഞ്ഞെറിഞ്ഞ് സ്വയം നിർണയത്തിന്റെ വഴിതേടുകയാണ്. അതാണ് സാംസ്കാരിക ഇസ്ലാമിനു വേണ്ടിയുള്ള മുറവിളിക്കു പിന്നിൽ. അതോടൊപ്പം രാഷ്ട്രീയ ഇസ്ലാമിന്റെ സാംസ്കാരിക വിവക്ഷകളെക്കുറിച്ചും മുസ്ലിംകൾ തന്നെ സ്വയമാലോചിക്കുന്നതും ഉചിതമായിരിക്കും.

ചുരുക്കത്തിൽ ഇസ്ലാമോഫോബിയയുടെയും അധീശത്വത്തിന്റെയും പ്രശ്നങ്ങളാണ് സാംസ്കാരിക ഇസ്ലാമിനെ ഉയർത്തിപ്പിടിക്കുന്ന ഈ സവിശേഷ സന്ദർഭത്തിൽ ചുരുൾ നിവരുന്നത്. മുസ്ലിമിനെ അപരമായി കാണുന്ന യൂറോ കേന്ദ്രിത ജ്ഞാന പദ്ധതികളുടെ പ്രാദേശിക തുടർച്ചയാണ് രാഷ്ട്രീയ ഇസ്ലാമിനെ ഭയക്കുന്നത്.

ആദ്യ നാലധ്യായങ്ങൾ പടിഞ്ഞാറ്, അറിവന്വേഷകർ എന്ന നിലക്ക് ഇസ്ലാമിനെക്കുറിച്ച് രൂപപ്പെടുത്തിയ അറിവിന്റെ പ്രശ്നത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതിനാൽ, തുടർന്നുള്ള രണ്ടധ്യായങ്ങൾ സ്കൂളിംഗ്, വിദ്യാഭ്യാസം, കോളനിവത്കരണം ഇവയുടെ സന്ദർഭത്തിലൂടെ വിജ്ഞാനത്തിന്റെ രാഷ്ട്രീയത്തെ മനസ്സിലാക്കുകയാണ്. ഈജിപ്ഷ്യൻ മുസ്ലിംകളെ കൊളോണിയലിസത്തിനനുകൂലമായി ക്രിമീകരിക്കുന്നതിൽ സ്കൂളുകൾ വഹിച്ച പങ്ക് അനാവരണം ചെയ്യുന്നു 'ക്രമീകരിക്കുന്ന വിദ്യാലയങ്ങൾ' എന്ന അധ്യായം. തുടർന്ന് 'കൊളോണിയൽ വിജ്ഞാനത്തിനപ്പുറം' എന്ന അധ്യായം മുസ്ലിം ലോകത്തെ അപകോളനീകരണ ശ്രമങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതാണ്. ■